പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6335    08.07.2014 ൽ മറുപടിക്ക്

## പോലീസ് പിടിച്ചിട്ടിരിക്കുന്ന മണൽലോറികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ .രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് സമീപം പിടിച്ചിട്ടിരിക്കുന്ന ലോറികളും അതിലുള്ള മണലുകളും ലേലം ചെയ്യുന്നതിന് രണ്ട് വർഷം മുൻപ് മന്ത്രിസഭായോഗത്തിനു ശേഷം നടന്ന പത്രസമ്മേള നത്തിൽ പ്രഖ്യാപിച്ച പ്രകാരം എന്തു നടപടി യാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | വിവിധ വകുപ്പുകൾ പിടിച്ചെടുത്ത വാഹനങ്ങൾ തീർപ്പാക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2012 ൽ ഒരു റിവ്യൂകമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന വാഹനങ്ങളുടെ തീർപ്പാക്കൽ പുരോഗതി ടി കമ്മിറ്റിഅവലോകനം ചെയ്യുന്നുണ്ട്. റിവ്യൂ കമ്മിറ്റിയുടെ തീരുമാനപ്രകാരം കേരളത്തിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ തൊണ്ടി മുതലായി പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും 03.08.2013 ൽ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ